പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3228

18.10.2016 ൽ മറുപടിയ്ക്ക്

## കാസർകോഡ് ജില്ലാ സഹകരണ ബാങ്കിൽ സി.കെ. പ്രകാശന് ലഭിക്കേണ്ട നിയമനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് 16-8-99 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഇറക്കിയ ഉത്തരവിൽ കാസർകോഡ് ജില്ലാ സഹകരണ ബാങ്കിൽ നിയമനം ലഭിക്കേണ്ട സി.കെ. പ്രകാശന് ഇതു വരെ നിയമനം നൽകിയിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സർക്കാർ ഉത്തരവിനെതിരെ എന്ത് കാരണം ബോധിപ്പിച്ചാണ് ബാങ്ക് കേസ്സിന് പോയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) താല്ക്കാലികമായി ജോലി ചെയ്തവർക്ക് സ്ഥിരം നിയമനം നൽകണമെന്ന നിർദ്ദേശം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ബാങ്കിന് അഭിപ്രായമുള്ളതിനാലാണ് ബഹു.മാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതെന്നാണ് കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുള്ളത്. |
| (സി) സാമൂഹ്യനീതി വകുപ്പ് 7-8-2013 ന് ഇറക്കിയ (സ.ഉ.(പി) 63/13/സാ.നീ.വ) ഉത്തരവിന് ശേഷം ബാങ്ക് ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഈ നിയമനത്തിന് ജോയിന്റ് രജിസ്ട്രാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) ബ്രാഞ്ച് മാനേജർ, ക്ലാർക്ക്, പ്യൂൺ/വാച്ച്മാൻ എന്നീ തസ്തികകൾ പി.എസ്.സി വഴിയും പാർടൈം സ്വീപ്പർ തസ്തികയിലേക്ക് ബാങ്ക് നേരിട്ടും നിയമനം നടത്തിയിട്ടുണ്ട്. പാർടൈം സ്വീപ്പർ തസ്തികയിൽ 13 പേരെ നിയമിച്ചിട്ടുണ്ട്. ആയത് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയതിനേക്കാൾ അധികമായി 10 എണ്ണം കൂടുതലാണ്. ഈ |

| | | | |
|---|---|---|---|
| | | | 10 തസ്തികകൾക്ക് ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിയിട്ടില്ല. |
| (ഡി) | സർക്കാർ ഉത്തരവ് പരിഗണിക്കാതെ കേസ്സിന് പോയിട്ടുള്ള ബാങ്കിനെതിരെ എന്തെങ്കിലും നടപടി എടുക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | പ്രസ്തുത വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിയുടെ തീരുമാനം വരുന്നതുവരെ ഇക്കാര്യത്തിൽഎന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയില്ല |

സെക്ഷൻ ഓഫീസർ